പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T. 2371

**05.02.2018** ൽ മറുപടിയ്ക്ക്

## ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വിലവർധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ | | എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് തുടർച്ചയായി വില വർദ്ധന വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (ബി) & (സി) | സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പാക്കിയതിന്റെ ഭാഗമായി ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനും പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ കൂടുതൽ ആളുകളെ പ്രാപ്തരാക്കുന്നതിനും സത്വര നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പാരിസ്ഥിതികാനുമതി കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ എടുക്കുന്നതിലേക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ വില നിയന്ത്രണത്തിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**